ഫിൻ. ബി (3) 51582/2016. സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 22.12.2016.

## സർക്കുലർ നമ്പർ 50/2016

വിഷയം: സഹകരണം–ഫിനാൻസ്–ശമ്പള പരിഷ്ക്കരണം–2014–കെ. എസ്.ആർ. ചട്ടം.144– വിദേശ സേവനം–എൽ.എസ് ആന്റ് പി.സി, ശമ്പള കുടിശികകൾ ഈടാക്കുന്നത്– മാർഗ്ഗ നിർദ്ദേശം സംബന്ധിച്ച്.

സൂചന:1. സർക്കാരിന്റെ 20.1.2016–തീയതിയിലെ ജി.ഒ(പി)/7/2016/ഫിൻ. നമ്പർ ഉത്തരവ്.
2. സർക്കാരിന്റെ 19.5.2016–തീയതിയിലെ 46/2016/ഫിൻ നം.സർക്കുലർ.
3. സർക്കാരിന്റെ 27.6.2016–തീയതിയിലെ 58/2016/ഫിൻ. നം.സർക്കുലർ.

*********

സർക്കാരിന്റെ സൂചന (1) ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പള പരിഷ്ക്കരണ കാലയളവിൽ വിദേശസേവനത്തിൽ ആയിരുന്നവരുടെ 1.7.2014–നും 31.1.2016–നും ഇടയ്ക്കുള്ള ശമ്പള കുടിശ്ശികയും, എൽ.എസ് ആന്റ് പി.സി.കുടിശ്ശികയും സർക്കാരിലേയ്ക്ക് ഒടുക്കുന്നതു സംബന്ധിച്ച് സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിൽ നിന്നും കെ.എസ്.ആർ.ചട്ടം.144 പ്രകാരം ടി കാലയളവിൽ വിദേശസേവനത്തിൽ ആയിരുന്ന ജീവനക്കാരുടെ ശമ്പള കുടിശ്ശികയും എൽ.എസ് ആന്റ് പി.സി. കുടിശ്ശികയും ടിയാളുകൾ സേവനമനുഷ്ഠിച്ചിരുന്ന സഹകരണ സ്ഥാപനങ്ങൾ/മറ്റു സ്ഥാപനങ്ങളിൽ നിന്നും ഒടുക്കുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 1.7.2014–നും 31.1.2016–നും ഇടയിൽ വിദേശസേവനം അനുഷ്ഠിച്ചിരുന്ന എല്ലാ ഉദ്യോഗസ്ഥരുടെയും ശമ്പള കുടിശ്ശികയും എൽ.എസ് ആന്റ് പി. സി. കുടിശ്ശികയും നിർബന്ധമായും സർക്കാരിലേയ്ക്ക് മാത്രമാണ് ഒടുക്കേണ്ടത്. ടി കുടിശ്ശിക ഉദ്യോഗസ്ഥൻ സ്ഥാപനത്തിൽ നിന്നും നേരിട്ട് കൈപ്പറ്റാൻ പാടില്ല.
2. ടി കുടിശ്ശികകൾ 1.2.2016–തീയതി മുതൽ ട്രഷറിയിൽ അടയ്ക്കുന്ന തീയതി വരെ 8.7% വാർഷിക പലിശ ഉൾപ്പെടെ 31.3.2017–ന് മുൻപായി ഒന്നാകെ അടയ്ക്കേണ്ടതാണ്.

3. ശമ്പള പരിഷ്ക്കരണ കുടിശ്ശികയുടെ ആദ്യഗഡു നൽകുന്നതിന് മുൻപ് ടി കാലയളവിൽ വിദേശസേവനം അനുഷ്ഠിച്ചിരുന്നവരുടെ എല്ലാ ശമ്പള പരിഷ്ക്കരണ കുടിശ്ശികകളും ട്രഷറിയിൽ ഒടുക്കിയിട്ടുണ്ടെന്ന് എല്ലാ ജോയിന്റ് രജിസ്ട്രാർമാരും ഉറപ്പു വരുത്തേണ്ടതാണ്. ഇത്തരത്തിൽ ഒടുക്കിയിട്ടുള്ള തുകകളുടെ ട്രഷറി ചെല്ലാൻ പകർപ്പ് ജോയിന്റ് രജിസ്ട്രാർമാർ സാക്ഷ്യപ്പെടുത്തി രജിസ്ട്രാർക്കു സമർപ്പിക്കേണ്ടതാണ്.
4. ശമ്പള പരിഷ്ക്കരണ കാലയളവിൽ വിദേശസേവനം അനുഷ്ഠിച്ചിരുന്നവരും, എഫ്.എസ്. അക്കൗണ്ട് അവസാനിപ്പിച്ച് നിലവിൽ മാതൃവകുപ്പിൽ ജോലി ചെയ്യുന്നവരുടെ കുടിശ്ശികകൾ "**0070-60-800-24-Receipt on Account of pay Revision Arrear to Government employees on Deputation**" എന്ന ശീർഷകത്തിലാണ് ഒടുക്കേണ്ടത്. ടി ജീവനക്കാരുടെ കുടിശ്ശിക നിലവിൽ ജോലി ചെയ്തു വരുന്ന ആഫീസിൽ നിന്നും വാങ്ങേണ്ടതാണ്.
5. ശമ്പള പരിഷ്ക്കരണ കാലയളവിൽ മാതൃവകുപ്പിൽ ജോലി ചെയ്തിരുന്നവരും, എന്നാൽ ഇപ്പോൾ വിദേശസേവനത്തിൽ ആയിട്ടുള്ളവരുടെ ശമ്പളകുടിശ്ശിക മാതൃവകുപ്പിൽ അവസാനമായി ജോലി ചെയ്തിരുന്ന ആഫീസിൽ നിന്നും വാങ്ങേണ്ടതാണ്.
6. ഒരേ സ്ഥാപനത്തിൽ തന്നെ 01.07.2014 – 31.01.2016 കാലയളവിനുള്ളിൽ ഒരു എഫ്.എസ്.അക്കൗണ്ടിൽ വിദേശസേവനം ചെയ്യുകയും, ആയത് അവസാനിപ്പിച്ച് ഒരു ഇടവേളയ്ക്കു ശേഷം മറ്റൊരു എഫ്.എസ്. അക്കൗണ്ട് അനുവദിക്കപ്പെട്ട് സേവനം തുടരുകയും ചെയ്യുന്നവരുടെ ആദ്യകാലയളവിലെ കുടിശ്ശിക പുതിയ അക്കൗണ്ടിൽ അടയ്ക്കാൻ പാടില്ല. ആയത് ഖണ്ഡിക (4) ൽ സൂചിപ്പിച്ചിരിക്കുന്ന ശീർഷകത്തിൽ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.
7. ശമ്പള പരിഷ്ക്കരണ കാലയളവിലും ഇപ്പോഴും ഒരേ എഫ്.എസ്.അക്കൗണ്ടിൽ വിദേശസേവനത്തിൽ തുടരുന്നവരുടെ കുടിശ്ശിക ടി അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്.
8. ശമ്പള പരിഷ്ക്കരണ കാലയളവിൽ വിദേശസേവനം അനുഷ്ടിച്ചിരുന്ന എല്ലാ ജീവനക്കാരും തങ്ങളുടെ ശമ്പളപരിഷ്ക്കരണ കുടിശ്ശികകൾ സർക്കാരിലേയ്ക്ക് അടച്ചിട്ടുണ്ടെന്ന് അതാതു സ്ഥാപനങ്ങളുമായി ബന്ധ

പ്പെട്ട് ഉറപ്പു വരുത്തേണ്ടതാണ്. ആയത് ട്രഷറിയിൽ ഒടുക്കിയ ചെല്ലാൻ പകർപ്പ് കൈവശം സൂക്ഷിക്കേണ്ടതുമാണ്.

9. ശമ്പള പരിഷ്ക്കരണ കുടിശ്ശികയുടെ ആദ്യഗഡു നൽകുന്നതിനു മുൻപായി, ടി കാലയളവിൽ വിദേശസേവനം ചെയ്തിരുന്നവരുടെ കുടിശ്ശിക ട്രഷറിയിൽ ഒടുക്കിയിട്ടുണ്ടെന്ന് മേലുദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതു മാണ്.

(ഒപ്പ്)
**എസ്. ലളിതാംബിക.ഐ.എ.എസ്,**
**സഹകരണസംഘം രജിസ്ട്രാർ.**

1. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും.
2. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർ/അസിസ്റ്റന്റ് ഡയറക്ടർമാർ (ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർമാർ മുഖേന)
4. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
5. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
6. എഡിറ്റർ, സഹകരണവീഥി/സഹകരണ ജേർണൽ.
7. വെബ്സൈറ്റ്.
8. സ്റ്റോക്ക് ഫയൽ/സ്പെയർ.

// ആജ്ഞാനുസരണം//

സൂപ്രണ്ട് (ഫിൻ (ബി) സെക്ഷൻ